ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഫിജി, ന്യൂസിലൻഡ്, തിമോർ ലെസ്റ്റെ രാഷ്ട്ര സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ തിരിച്ചെത്തി.

   **President Murmu returns to Delhi after concluding three-nation state visit to Fiji, New Zealand and Timor Leste.**

2. പ്രകൃതിദത്ത കൃഷി രീതിക്ക് പ്രാധാന്യം നൽകണമെന്ന് രാജ്യത്തെ കർഷകരോട് പ്രധാനമന്ത്രി നരേന്ദ്രമോദി. അത്യുൽപാദന ശേഷിയുള്ള 109 വിളയിനങ്ങൾ പ്രധാനമന്ത്രി പുറത്തിറക്കി.

   **Prime Minister Narendra Modi today released 109 high-yielding, climate-resilient, and biofortified crop varieties. The PM emphasis benefits of natural farming**

3. പാരീസ് ഒളിമ്പിക്സിന് ഇന്ന് കൊടിയിറക്കം. സമാപന ചടങ്ങ് ഇന്ന് അർധരാത്രി. പി. ആർ. ശ്രീജേഷും മനുഭാകറും ഇന്ത്യൻ പതാകയേന്തും.

   **The Paris 2024 Olympics will conclude with a grand Closing Ceremony, late night today; P. R. Sreejesh and Manubhakar with the Indian flag.**

4. ഇന്ത്യയും മാൽദീവ്സും തമ്മിലുള്ള സഹകരണം പാരമ്പര്യ വിഷയങ്ങൾക്കപ്പുറം വിവിധ തലങ്ങളിലേക്ക് വ്യാപിച്ചതായി വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ.

   **External Affairs Minister S Jaishankar has says that the cooperation between Indian and Maldives has moved beyond the traditional role**

5. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി കേന്ദ്രവും, സംസ്ഥാനങ്ങളും സഹകരിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര മന്ത്രി അന്നപൂർണ്ണാ ദേവി.

**WCD Minister Annpurna Devi calls for Centre-State collaboration to enhance welfare programs.**

6. കേരളത്തിൽ നെല്ല് സംഭരണത്തിന് 50 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

**Finance Minister K. N Balagopal sys that Rs 50 crore has been allocated for rice storage in Kerala.**

**&&&&&&&&&&&&&&&&&&**

## HEADLINE 1
## PREZ- THREE NATION VISIT

ത്രിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു വൈകുന്നേരം ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഫിജി, ന്യൂസിലൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളിലായിരുന്നു രാഷ്ട്രപതിയുടെ സന്ദർശനം. സന്ദർശനവേളയിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് പുറമെ സുപ്രധാന ധാരണാപത്രങ്ങളിലും ഉഭയകക്ഷി കരാറുകളിലും ഒപ്പുവച്ചു. ഇന്ത്യൻ പ്രവാസികളുമായുള്ള പ്രത്യേക ഇടപെടൽ സന്ദർശനത്തിൽ ശ്രദ്ധേയമായി.

**&&&&&&&&&&&&&&&&&&**

## HEADLINE 2
## FUR NEW PM-CROPS RELEASE- INTRO

പ്രകൃതിദത്ത കൃഷി രീതിക്ക് പ്രാധാന്യം നൽകണമെന്ന് രാജ്യത്തെ കർഷകരോട് പ്രധാനമന്ത്രി നരേന്ദ്രമോദി. അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ പുറത്തിറക്കി. രാജ്യത്തെ കർഷകരെ ശക്തിപ്പെടുത്താൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും

പ്രധാനമന്ത്രി പറഞ്ഞു. കാലാവസ്ഥയ്ക്കനുകൂലമായതും അത്യുല്പാദനശേഷിയുമുള്ള വിളയിനങ്ങൾ കർഷകരുടെ വരുമാനം വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു .

ഒരു റിപ്പോർട്ട്....

(വോയിസ്)

## FUR NEWPM -CROPS RELEASE - VOICE

34 വയൽ വിളകളും, 27 പഴം-പച്ചക്കറി വിളകളും ഉൾപ്പെടെ അത്യുൽപാദന ശേഷിയുള്ള വ്യത്യസ്ത വിത്തിനങ്ങളാണ് പ്രധാനമന്ത്രി ഇന്ന് പുറത്തിറക്കിയത്. കർഷകരുമായും ശാസ്ത്രജ്ഞരുമായും സംവദിച്ച പ്രധാനമന്ത്രി പുതിയ വിള ഇനങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുകയും, കാർഷിക മേഖലയിലെ മൂല്യവർദ്ധനവിൻ്റെ പ്രാധാന്യത്തെക്കുറിച്ച് എടുത്തുപറയുകയും ചെയ്തു. ചെറുധാന്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പ്രകൃതിദത്ത കൃഷിയുടെ നേട്ടങ്ങളെക്കുറിച്ചും ജൈവകൃഷിയിലുള്ള വർദ്ധിച്ചുവരുന്ന വിശ്വാസത്തെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. ഓരോ മാസവും വികസിപ്പിച്ചെടുക്കുന്ന പുതിയ ഇനങ്ങളുടെ ഗുണങ്ങളെക്കുറിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ കർഷകരെ മുൻകൂട്ടി അറിയിക്കണമെന്ന് പ്രധാനമന്ത്രി നിർദ്ദേശിച്ചു. കർഷകരുടെ വരുമാനം വർധിപ്പിക്കാനും ഉൽപ്പാദനം വർധിപ്പിക്കാനും ചെലവ് കുറയ്ക്കാനും പുതിയ വിളകൾ സഹായിക്കുമെന്നും കർഷകർക്ക് ഇന്ന് ചരിത്രപരമായ ദിവസമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&

## HEADLINE 3

## OLYMPICS - CLOSING CEREMONY

പാരീസ് ഒളിമ്പിക്സിന് ഇന്ന് കൊടിയിറക്കം.സമാപന ചടങ്ങ് ഇന്ന് അർധരാത്രി നടക്കും. പ്രമുഖ അഭിനേതാക്കളുടെയും കലാകാരന്മാരുടെയും നിരവധി കലാപ്രകടനങ്ങൾ ഉൾപ്പെടുന്ന സമാപന ചടങ്ങിന് 'റെക്കോർഡ്സ്' എന്നാണ് പേര് നൽകിയിരിക്കുന്നത്. സമാപനച്ചടങ്ങിനൊടുവിൽ 2028ലെ അടുത്ത ഒളിമ്പിക്സിന് വേദിയാവുന്ന ലോസ് ഏഞ്ചൽസ് അധികാരികൾക്ക് ഒളിമ്പിക് പതാക കൈമാറും. 33-ാമത് ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ പി. ആർ. ശ്രീജേഷും മനുഭാക്കറും ഇന്ത്യൻ പതാകയേന്തും. മലയാളി ഗോൾകീപ്പർ പി ആർ

ശ്രീജേഷിന്റെ വിരമിക്കലിന് കൂടി പാരീസ് ഒളിമ്പിക്സ് വേദിയായി. വനിതകളുടെ ഗുസ്തിയിൽ വിനേഷ് ഫോഗട്ടിന്റെ ഫൈനലിന് തൊട്ട് മുമ്പുള്ള അയോഗ്യത പാരീസിൽ ഇന്ത്യൻ സ്വപ്നങ്ങൾക്ക് മങ്ങലേല്പിച്ചു.

&&&&&&&&&&&&&&&&&&&&&&

## EVE OLYMPIC MEDAL TALLY

പാരീസ് ഒളിമ്പിക്സിൽ മെഡൽ നിലയിൽ 91 മെഡലുകളുമായി ചൈനയാണ് ഒന്നാമത്. 40 സ്വർണവും 27 വെള്ളിയും 24 വെങ്കലവുമാണ് ചൈന നേടിയത്. 38 സ്വർണം നേടിയ അമേരിക്ക രണ്ടാമതും 20 സ്വർണം നേടിയ ജപ്പാൻ മൂന്നാമതുമാണ് . ഇന്ത്യ മെഡൽ പട്ടികയിൽ 71 ആം സ്ഥാനത്താണ്. ഒരു വെള്ളിയും അഞ്ചു വെങ്കലവുമാണ് ഇന്ത്യയുടെ നേട്ടം. ഇന്ത്യയ്ക്ക് വേണ്ടി ആദ്യ മെഡൽ നേടിയത് മനു ഭാക്കറാണ്. ഷൂട്ടിങ്ങിൽ വെങ്കലം നേടിയ മനു ഭാക്കർ ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യൻ വനിതയായി . 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ഇനത്തിൽ സരബ് ജോത് സിങ്ങിനൊപ്പം വെങ്കലവും സ്വന്തമാക്കി . ഇതോടെ ഒരു ഒളിംപിക്സിൽ തന്നെ രണ്ടു മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ എന്ന റെക്കോർഡും മനുവിനു സ്വന്തമായി.

&&&&&&&&&&&&&&&&&&&&&&

## HEADLINE 4
## JAISHANKAR – MALDIVES

ഇന്ത്യയും മാൽദീവ്സും തമ്മിലുള്ള സഹകരണം പാരമ്പര്യ വിഷയങ്ങൾക്ക് അപ്പുറം വിവിധ തലങ്ങളിലേക്ക് വ്യാപിച്ചതായി വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യയുടെ പ്രധാന പങ്കാളികളിൽ ഒരാളാണ് മാൽദീവ്സ്. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതത്തിനായി സഹകരണം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന അഡ്ഡു നഗരത്തിൻറെ പുനരുദ്ധാരണ പദ്ധതിയും തീര സംരക്ഷണ പദ്ധതിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ.ജയ്ശങ്കർ. പ്രദേശത്തെ തൊഴിൽ, വ്യാപാരം തുടങ്ങിയവയുടെ വളർച്ചക്ക് ഈ പദ്ധതികൾ സഹായകമാകുമെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## HEADLINE 5
## WCD MEET

രാജ്യമെമ്പാടുമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി കേന്ദ്രവും, സംസ്ഥാനങ്ങളും സഹകരിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ്ണാ ദേവി. സംസ്ഥാനങ്ങളിലെ വനിതാ ശിശുവികസന മന്ത്രിമാർ, കേന്ദ്രഭരണ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാർ എന്നിവരുമായി നടത്തിയ ഓൺലൈൻ യോഗത്തിലാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. മന്ത്രാലയം നടപ്പാക്കുന്ന പോഷൺ 2.0, വാത്സ്യല്യ, ശക്തി തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്രമന്ത്രി യോഗത്തിൽ ഊന്നൽ നൽകി.

&&&&&&&&&&&&&&&&&&

## NATWAR SING - PM

മുൻ വിദേശകാര്യ മന്ത്രി നട്വർ സിങ്ങിന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഗാധമായ ദുഃഖം രേഖപ്പെടുത്തി. നയതന്ത്ര ലോകത്തിനും വിദേശ നയത്തിനും അദ്ദേഹം നൽകിയ സമ്പന്നമായ സംഭാവനകളെ പ്രധാനമന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE 6
## K N BALAGOPAL

കേരളത്തിൽ നെല്ല് സംഭരണത്തിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷന് 50 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. കേന്ദ്ര സർക്കാർ വിഹിതത്തിൽ 207 കോടി രുപ കുടിശിക നിലനിൽക്കുന്ന സാഹചര്യത്തിലാണ് നിലവിലെ സീസണിലെ നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ തുക അനുവദിച്ചത്. നെല്ല് ഏറ്റെടുത്താൽ ഉടൻ കർഷകന് വില ലഭിക്കുന്നുവെന്ന് സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിലെ വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പാലക്കാട്, മലപ്പുറം ജില്ലകളിൽ തീവ്രമഴയ്ക്ക് സാധ്യതെയന്ന് മുന്നറിയിപ്പുണ്ട്. നാളെ 8 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി. അതേസമയം, കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴ പെയ്യുന്ന പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## SABARIMALA

നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്ര നട തുറന്നു. നാളെ പുലർച്ചെ 5.45 നും 6.30നും ഇടയിലാണ് നിറപുത്തരി പൂജകൾ നടക്കുക. പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10ന് അടയ്ക്കുന്ന ക്ഷേത്ര നട ചിങ്ങമാസ പൂജയ്ക്കായി വീണ്ടും ഈ മാസം 16നു തുറക്കും.

&&&&&&&&&&&&&&&&&&

## FUR REV DAY BANGLADESH – PROTEST

ബംഗ്ലാദേശിൽ ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെയുള്ള അക്രമങ്ങളെ ഇടക്കാല ഗവൺമെൻറ് തലവൻ മുഹമ്മദ് യൂനുസ് അപലപിച്ചു. വംശം, മതം മറ്റ് വിവേചന പരമായ കാരണങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള അക്രമങ്ങളെ അപലപിക്കുന്നതായി യു.എൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറൻസിന്റെ വക്താവും അറിയിച്ചു. 10 ശതമാനം പാർലമെൻററി സീറ്റ് സംവരണം, ന്യൂനപക്ഷ സംവരണ നിയമം പാസ്സാക്കൽ തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ധാക്കയിലും, ചറ്റോഗ്രാമിലും തുടർച്ചയായ രണ്ടാം ദിവസവും ന്യൂനപക്ഷ സമുദായാംഗങ്ങൾ വൻപ്രതിഷേധ റാലികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## SHEIKH HASINA

അമേരിക്കതിരെ ആരോപണവുമായി ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. ബംഗാൾ ഉൾക്കടലിലെ സെയിന്റ് മാർട്ടിൻ ദ്വീപിന്റെ അധികാരം അമേരിക്കക്ക് നൽകിയിരുന്നെങ്കിൽ തനിക്ക് ഭരണം നഷ്ടമാകില്ലായിരുന്നെന്ന് അവർ വ്യക്തമാക്കി. സർക്കാരിനെ അട്ടിമറിക്കാൻ അമേരിക്ക ഗൂഢാലോചന നടത്തി. കൂടുതൽ സംഘർഷങ്ങൾ ഒഴിവാക്കാനാണ് രാജ്യം വിട്ടത് . എത്രയും വേഗം തിരിച്ച് ബംഗ്ലാദേശിൽ എത്തുമെന്നും ഷെയ്ഖ് ഹസീന പറഞ്ഞു.

&&&&&&&&&&&&&&&&&&

## WAYANAD

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിലെ മുണ്ടക്കൈയിൽ ഇന്നത്തെ ജനകീയ തിരച്ചിൽ അവസാനിപ്പിച്ചു. മഴ തുടരുന്ന സാഹചര്യത്തിലാണ് തീരുമാനം. തിരച്ചിലിൽ ഇന്നും ശരീരഭാഗങ്ങൾ കണ്ടെത്തി.പ്രകൃതി ദുരന്തം സംഭവിച്ച മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി നിവാസികളുടെ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് നാളെ പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## MUHAMMED RIYAS -KKD

ഉരുൾപൊട്ടൽ കനത്ത നാശം വിതച്ച കോഴിക്കോട് ജില്ലയിലെ വിലങ്ങാടിനായി സമഗ്രമായ പുനരധിവാസം ആസൂത്രണം ചെയ്യുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ഉരുൾപൊട്ടലിലെ കൃത്യമായ നാശനഷ്ടം, വാസയോഗ്യമല്ലാത്ത വീടുകൾ തുടങ്ങിയവ സംബന്ധിച്ച കണക്ക് ഈ മാസം 17 -ന് മുമ്പ് നൽകാൻ ജില്ലാ കലക്ടർക്ക് നിർദേശം നൽകിയതായും ശ്രീ മുഹമ്മദ് റിയാസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## PUNJAB: HEAVY RAINFALL

പഞ്ചാബിൽ ശക്തമായ മഴ തുടരുന്നു. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഹോഷിയാർപൂർ ജില്ലയിൽ മഴവെള്ളത്തിൽ ഒരു വാഹനം ഒലിച്ചുപൊയി. വാഹനത്തിലുണ്ടായിരുന്ന 10 പേർ മരിച്ചു. ഒരാളെ രക്ഷപെടുത്തി. ഇന്ത്യ-പാക് അതിർത്തിയിലുള്ള ഏഴ്

ഗ്രാമങ്ങളിലേയ്ക്കുള്ള റോഡ് ഗതാഗതം പൂർണ്ണമായും നിലച്ച അവസ്ഥയിലാണ്.

&&&&&&&&&&&&&&&&&&

## UTTARAKHAND HEAVY RAIN

ഉത്തരാഖണ്ഡിൽ കനത്ത മഴയെ തുടർന്ന് ചാർധാം തീർഥാടന പാതയിൽ നിരവധി സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടായി. ഉത്തരകാശി ജില്ലയിലെ ഗംഗോത്രി ദേശീയ പാതയിൽ ഗതാഗതം പൂർണമായും നിരോധിച്ചു. യമുനോത്രി, ബദരീനാഥ് ദേശീയ പാതകളിലെയും ഗതാഗതം തടസപ്പെട്ടു. അതേസമയം ചമോലി ബാഗേശ്വർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് നാളെ ഓറഞ്ച് ജാഗ്രത നിർദേശം പ്രഖ്യാപിച്ചു. വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## PM GATHI SHAKTI

പ്രധാനമന്ത്രി ഗതിശക്തി പദ്ധതിയുടെ ദക്ഷിണമേഖലാ ജില്ലാതല ശേഷിവികസന ശിൽപശാല ചൊവ്വാഴ്ച തിരുവനന്തപുരത്ത് നടക്കും. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിവിധ ജില്ലകളെ ഉൾപ്പെടുത്തിയാണ് പരിപാടി. വ്യവസായ മന്ത്രി പി രാജീവ്, ജില്ലാ കളക്ടർമാർ, കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കേരള സർക്കാരിൻറെ സഹകരണത്തോടെ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയമാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&